**തദ്ദേശസ്വയംഭരണ വകുപ്പ്പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ.**

-

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം,തിരുവനന്തപുരം - തിരുവനന്തപുരം നഗരസഭ, കടകംപള്ളി വില്ലേജിൽ ആശുപത്രി കെട്ടിടം നിർമ്മിക്കുന്ന തിന് കെട്ടിടങ്ങളുടെ ലേ-ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

സൂചന:-
1. ചീഫ് ടൗൺ പ്ലാനറുടെ 06/07/2022-ലെ TCPCTP/1428/2022/D3 നമ്പർ ഉത്തരവ്.
2. ഡോ. അനുപമ, Managing director, PRAN Fertility & Well Women Centre Pvt. Ltd. - ന്റെ 26/04/2022, 20/05/2022, 14/07/2022, 20/07/2022 എന്നീ തിയതികളിൽ സമർപ്പിച്ച അപേക്ഷകളും ഉള്ളടക്കവും.

**ഉത്തരവ് നമ്പർ TCPTVM/573/2022-D തീയതി 29/07/2022**

തിരുവനന്തപുരം നഗരസഭ കടകംപള്ളി വില്ലേജ് സർവ്വെ നമ്പർ 1823/1-1, 1823/3-1, 1823/3, 1823/4-2, 1823/6-1, 1823/6-2, 1823/6-3, 1823/6-4, 1823/6-5, 1823/6-6, 1823/6-7, 1823/6-8, 1823/1-8-4, 1822/7-1, 1822/7-2, 1822/1-8-PT1, 1822/1-8-1-2, 1822/1-8-1-1-1, 1822/1-8-2, എന്നിവയിൽ ഉൾപ്പെട്ട 30.02 ആർ സ്ഥലത്ത് 4617.65 sq.m വിസ്തൃതിയിൽ Occupancy-C- ൽ ഉൾപ്പെടുന്ന ഹോസ്പിറ്റൽ കെട്ടിടത്തിൻറ അനുമതിക്കായി ഡോ. അനുപമ, Managing director, PRAN Fertility & Well Women Centre Pvt. Ltd. സമർപ്പിച്ച അപേക്ഷ കൺകറൻസിനായി ചീഫ് ടൗൺ പ്ലാനർക്ക് നല്കുകയും, സൂചന (1) പ്രകാരം കൺകറൻസ് അനുവദിച്ച് ഉത്തരവാകുകയും ചെയ്തു.

പ്രസ്തുത നിർമ്മാണത്തിന് ജില്ലാ ടൗൺ പ്ലാനറുടെ ലേ ഔട്ട് അനുമതി ആവശ്യമായതിനാൽ, പ്രസ്തുത അപേക്ഷയും, പ്ലാനും പരിശോധിച്ചതിൻറെ അടിസ്ഥാന ത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി KMBR 2019 ചട്ടം 30 പ്രകാരം കെട്ടിടത്തിൻറെ ലേ -ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു

**നിബന്ധനകൾ**

1. കേരളം മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങൾ 2019 ചട്ടം 5 (6) (1) (a), (b) എന്നിവ പ്രകാരം ഉള്ള ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് ഈ അംഗീകാരം എന്നതിനാൽ നിർദിഷ്ട നിർമ്മാണം KMBR-2019, നും നാളിതുവരെയുള്ള ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമാണോ എന്ന് സെക്രട്ടറി പരിശോധിച്ചു ഉറപ്പു വരുത്തേണ്ടതാണ്.
2. നിർമ്മാണസ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ , ഉടമസ്ഥത,

അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്നും, നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ലന്നും ഉറപ്പ വരുത്തേണ്ടതാണ്. 2008 ലെ കേരള നെൽവയൽ തണ്ണീർത്തടനിയമം / അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്നും ഉറപ്പ വരുത്തേണ്ടതാണ്.

3. പ്രസ്തുത സ്ഥലത്തു ലഭ്യമായ സ്വാഭാവിക ജലനിർഗ്ഗമന മാർഗ്ഗങ്ങൾ , ജലനിർഗ്ഗമനത്തിനു തടസം സൃഷ്ടിക്കാതെ പരിപാലിക്കണം . നിർദ്ദിഷ്ട ലേ - ഔട്ടിൽ ഡ്രെയിനേജിനുള്ള നിയമാനുസൃത സൗകര്യം നൽകേണ്ടതാണ്.
4. ചട്ടം 5(4) പ്രകാരം നിഷ്കർഷിക്കുന്ന (Pollution control board, ഫയർ തുടങ്ങിയ ഏജൻസികളിൽ നിന്ന്) ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
5. KMBR 2019 ചട്ടം 10 പ്രകാരം പ്രസ്തുത സ്ഥലത്തു Earth work നടത്തുന്ന പക്ഷം ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആവശ്യമാകുന്ന പക്ഷം ബന്ധപ്പെട്ട അധികാരികളിൽനിന്നും NOC ലഭ്യമാക്കിയിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
6. ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
7. പ്ലാനിൽ നൽകിയിട്ടുള്ള വിധം ചട്ടം 29 പ്രകാരമുള്ള പ്രായോഗികമായ പാർക്കിങ് ഗതാഗതയോഗ്യമായ റോഡുകളോടെ വികസിപ്പിച്ച പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റിവച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്കു ഉപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. ചട്ടം 29(12) പ്രകാരം ഇലക്ട്രിക് വാഹനങ്ങൾക്കുള്ള charging facility നൽകേണ്ടതാണ്.
8. KMBR 2019 ചട്ടം 34 – Sanitation Facilities പ്രകാരമുള്ള എല്ലാ സൗകര്യങ്ങളും കെട്ടിടത്തിന് നൽകിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
9. KMBR 2019 ചട്ടം 42 – Provisions for Differently abled, Elderly and Children പ്രകാരമുള്ള എല്ലാ സൗകര്യങ്ങളും കെട്ടിടത്തിന് നൽകിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
10. നിർമ്മാണത്തിന് KMBR 2019 ചട്ടം 79, 79A എന്നിവയ്ക്ക് അനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
11. KMBR 2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനുചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.
12. നിർദ്ദിഷ്ട നിർമ്മാണം കാരണം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ / സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിന്റെ സുരക്ഷയെ ബാധിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.
13. KMBR 2019 ചട്ടം 76,77,78 പ്രകാരമുള്ള Rain Water harvesting, Rooftop solar, Solar assisted water heating system എന്നിവ ലഭ്യമാക്കേണ്ടതാണ്.
14. ചീഫ് ടൗൺ പ്ലാനറുടെ TCPCTP/1428/2022/D3 നമ്പർ ഉത്തരവിലുള്ള എല്ലാ

നിബന്ധനകളും പാലിച്ചിട്ടുണ്ട് എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**31/2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഉള്ളടക്കം ചെയ്യുന്നു.**

Signature Not Verified
Digitally signed by RAJESH T N
Date: 2022.07.29 14:22:00 IST
Reason: Approved

**RAJESH T N**
**TOWN PLANNER**

ഉള്ളടക്കം: മേൽപ്രസ്താവിതം

സെക്രട്ടറി,
തിരുവനന്തപുരം നഗരസഭ

പകർപ്പ്: 1)(അറിവിലേയ്ക്കായി)
Dr. Anupama,
Managing Director,
PRAN Fertility & Well Women Centre Pvt. Ltd.
Kumarapuram
Thiruvananthapuram.
2)കരുതൽ ഫയൽ
3)ഫയൽ.